പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് കേന്ദ്ര ഗവൺമെൻറിൻെറ ധന സഹായം

* 716 [778] ശ്രീ. പി. കരുണാകരൻ:

,, എം.കെ. കൃഷ്ണൻ:

,, പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ-സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് കേന്ദ്ര ഗവൺമെൻറിൽനിന്നും കിട്ടിയ ആകെ ധനസഹായം എത്രയാണ്;

(ബി) ഈ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്;

(സി) കൂടുതൽ ധനസഹായത്തിന് കേന്ദ്രത്തെ സമീപിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു തുക പ്രതീക്ഷിക്കുന്നു?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) മൂന്നു ലക്ഷം രൂപ.

(ബി) ഓഹരി മൂലധനത്തിലേക്ക് വിനിയോഗിച്ചു.

(സി) ഉണ്ട്.

(ഡി) ഓഹരിമൂലധനത്തിൻെറ 49 ശതമാനംകൂടി പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കരുണാകരൻ: മന്ത്രി ഡൽഹിയിൽ പോയസമയത്ത് കോർപ്പറേഷന് കൂടുതൽ ധനസഹായം വേണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെൻറിനെ സമീപിച്ചതായി പത്രവാർത്തയുണ്ടായിരുന്നു. കേന്ദ്രത്തിൻെറ പ്രതികരണം എന്തായിരുന്നു എന്നു വ്യക്തമാക്കുമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: കേന്ദ്രഗവൺമെൻറിലെ ബന്ധപ്പെട്ട മന്ത്രിയും മറ്റു ഉന്നത ഉദ്യോഗസ്ഥൻമാരുമായും നടത്തിയ സംഭാഷണത്തിൽ ഈ കോർപ്പറേഷൻെറ നടത്തിപ്പിനുവേണ്ടി 45 ശതമാനം സാമ്പത്തികസഹായം തരാമെന്നു സമ്മതിച്ചിട്ടുണ്ട്. പിന്നെ മറ്റു നടപടിക്രമങ്ങളുമുണ്ട്; അതനുസരിച്ചുള്ള സഹായവും തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

ശ്രീ. പി. കരുണാകരൻ: കൂടുതലായി കിട്ടുന്ന തുക എന്തിനു വേണ്ടി ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഈ കോർപ്പറേഷൻെറ ഉദ്ദേശം ഹരിജനങ്ങളുടെ സാമ്പത്തിക-സാമൂഹ്യ മണ്ഡലങ്ങളിലെ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുകയെന്നുള്ളതാണ്. അതിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. കൃഷ്ണൻ: ഈ കോർപ്പറേഷനിൽനിന്നും ആട്ടോറിക്ഷാ കൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ആ സ്കീം ഇപ്പോൾ വേണ്ടെന്നുവച്ചിട്ടുണ്ടോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ആട്ടോറിക്ഷ കൊടുത്ത കാര്യത്തെ സംബന്ധിച്ച് സംസ്ഥാനവ്യാപകമായ പരാതിയുണ്ടായിട്ടുണ്ട്. ആ ആട്ടോറിക്ഷായിൽ നല്ലൊരു ശതമാനം ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. അതുകൊണ്ട് ഇനിയും അതു വിതരണം ചെയ്യണമോ യെന്നുള്ളതിനെപ്പറ്റി ആലോചന ഇപ്പോൾ നടക്കുന്നില്ല.

ശ്രീ. എം.കെ. കൃഷ്ണൻ: ഇനി കൊടുക്കുന്നകാര്യം ആലോചിക്കുന്നില്ലെന്നു പറഞ്ഞു. കൊടുത്ത ആട്ടോറിക്ഷയുടെ സ്ഥിതിഎന്താണ്; അതിൽ എത്രയെണ്ണം പണം അടയ്ക്കാത്തതുകൊണ്ട് പിടിച്ചെടുത്തിട്ടുണ്ട്.

ശ്രീ. ദാമോദരൻ കാളാശ്ശേരി: അതിനു പ്രത്യേക ചോദ്യം വേണം.

ശ്രീ. പിണറായി വിജയൻ: ഓഹരിമൂലധനം ഉപയോഗിച്ച് എന്തെല്ലാം പദ്ധതികളാണ് വികസനത്തിനുവേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: നേരത്തെ സൂചിപ്പിച്ചതുപോലെ സാമ്പത്തിക.സാമൂഹ്യരംഗങ്ങളിൽ സഹായിക്കുകയെന്നുള്ളതാണ്. വ്യവസായികമായിട്ടും കാർഷികമായിട്ടും തൊഴിൽ പരമായിട്ടും ഉള്ളകാര്യങ്ങളിൽ സഹായിക്കുകയെന്നുള്ളതാണ്. കഴിയുന്നതും 1979.80-ൽ ഈ രംഗത്ത് കൂടുതൽ ആളുകളെ ആകർഷിക്കത്തക്കവിധത്തിലുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: ഇപ്പോൾ നടപ്പാക്കിയ പരിപാടികൾക്കു പുറമേ പുതിയ ഏതെല്ലാം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ട്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പുതിയ പരിപാടികളെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സംസ്ഥാനഗവൺമെൻറ് ഈ കോർപ്പറേഷനുവേണ്ടി നീക്കിവച്ച ഗ്രാൻറും ലോണും സംഖ്യ എത്രയാണ്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: സംസ്ഥാനഗവൺമെൻറ് ഈ കോർപ്പറേഷൻറെ അംഗീകൃത മൂലധനമായി രണ്ടുകോടിരൂപ നീക്കിവച്ചിട്ടുണ്ട്. അതിനുപുറമേ 52 ലക്ഷംരൂപ മറ്റു ലോണായിട്ടും തന്നിട്ടുണ്ട്.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ഹരിജനങ്ങൾക്ക് വ്യവസായം തുടങ്ങുന്നതിന് ഇപ്പോൾ എന്തെങ്കിലും സാമ്പത്തികസഹായം ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് വ്യവസ്ഥകൾ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: വ്യവസായങ്ങൾക്ക് സഹായം നൽകുന്ന സ്കീം ഇപ്പോൾ നിലവിലുണ്ട്. അതനുസരിച്ച് കുറെ പേർക്ക് വായ്പ കൊടുത്തിട്ടുണ്ട്, കൊടുക്കുന്നുമുണ്ട്.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രിയാണോ ആ കോർപ്പറേഷൻറെ ചെയർമാൻ ഇപ്പോഴും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ദാമോദരൻ കാളാശ്ശേരി: എന്തിനാണ് മനസ്സാക്ഷിക്കുത്തില്ലാതെ ഇത്തരം ചോദ്യം ചോദിക്കുന്നത്?

ശ്രീ. എം.വി. രാഘവൻ: ഈ കോർപ്പറേഷന് ചെയർമാൻ ഇല്ലെന്നു പറയുന്നതു കേട്ടു. പകരം ഒരാളെ നിയമിക്കുമോ? അപ്പുറത്തുനിന്ന് ആരെയെങ്കിലും ചെയർമാനായിട്ടു നിയമിക്കുമോ? ഒരാളുടെ തൊഴിലില്ലായ്മ അവസാനിക്കുമല്ലോ?

മി. സ്പീക്കർ: ആർഡർ, ആർഡർ, ഇതു ചെയർമാനെ സംബന്ധിച്ച ചോദ്യമല്ല.

ശ്രീ. കെ. സുകുമാരനുണ്ണി: ഈ കോർപ്പറേഷനിൽനിന്ന് വായ്പയെടുത്താൽ അതേ കാര്യങ്ങൾക്കുതന്നെ ഉപയോഗിക്കുന്നുണ്ടോയെന്നുള്ളതിനെപ്പറ്റി വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ; വ്യവസായത്തിനും മറ്റു കാര്യങ്ങൾക്കും എടുത്തിട്ടുള്ള വായ്പകൾ അതിനു വേണ്ടി ഉപയോഗിച്ചിട്ടില്ലെന്ന ആക്ഷേപമുണ്ടായിട്ടുണ്ട്?

ശ്രീ. ദാമോദരൻ കാളാശ്ശേരി: പല കാര്യങ്ങൾക്കും ഇപ്പോൾ സാമ്പത്തികസഹായം ചെയ്യുന്നുണ്ട്. അതിനുശേഷം അതുസംബന്ധിച്ച ഫോളോ അപ് ആക്ഷനും എടുത്തുകൊണ്ടിരിക്കുകയാണ്.

മദ്യത്തിൽ മായം ചേർക്കുന്നതിനെതിരെ നടപടി

* 717 [779] ശ്രീ. പി.ബി.ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യത്തിൽ മായം ചേർക്കുന്നതിനെ ഫലപ്രദമായി തടയുന്നതിനും, അപ്രകാരം മായംചേർത്തു വിൽപ്പന നടത്തുന്ന വ്യാപാരികൾക്കെതിരായി കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും എന്തെങ്കിലും വ്യവസ്ഥകൾ ഇന്ന് നിലവിലുണ്ടോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇപ്രകാരം മദ്യത്തിൽ മായം ചേർത്തതു സംബന്ധിച്ച് എന്തെങ്കിലും കേസുകൾ ഗവൺമെന്റ് ഏതെങ്കിലും മദ്യവ്യാപാരികൾക്കെതിരായി എടുത്തിട്ടുണ്ടോ;

(സി) മായം ചേർക്കുന്നതു തടയുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ സാധാരണ മദ്യ വിൽപ്പനശാലകൾ പരിശോധിക്കാറുണ്ടോ;

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ മദ്യവിൽപ്പനശാലയിൽ വേണ്ട പരിശോധനകൾ നടത്തുവാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) ഉണ്ട്.

(ബി) ഇതേപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ബി യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി.ബി.ആർ. പിള്ള: മദ്യവിൽപ്പനരംഗത്ത് മായം ചേർക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും കേസു ഇതിനകം പിടിച്ചിട്ടുണ്ടോ; ഏതെങ്കിലും കേസു ചാർജ്ജു ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly